# എം.ആർ.നായരുടെ കാവ്യസങ്കല്പം:

## കവിത്രയനിരൂപണങ്ങളെ മുൻനിർത്തിയുള്ള അന്വേഷണം

**ദിൽഷ പി.കെ.**
ഗവേഷക, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി

മുപ്പതുകളിൽ മലയാളനിരൂപണരംഗത്തെ നിറഞ്ഞ സാന്നിധ്യമായിരുന്ന സഞ്ജയനെന്ന പേരിൽ പ്രശസ്തനായ എം.ആർ. നായർ. കേരളപത്രികയിലെ സാഹിത്യപംക്തികളിൽ സാഹിത്യദാസൻ എന്ന തൂലികാനാമത്തിൽ അദ്ദേഹം പ്രൗഢമായ സാഹിത്യനിരൂപണങ്ങൾ എഴുതിയിരുന്നു. ഈ ലേഖനങ്ങളുടെ സമാഹാരമാണ് എം.ആർ. നായർ എന്ന ചുരുക്കപ്പേരിൽ മാണിക്കോത്ത് രാമുണ്ണിനായർ സാഹിത്യനികഷം എന്ന ഗ്രന്ഥമായി 1988-ൽ പ്രസിദ്ധീകരിച്ചത്. കവിതകളെയാണ് ഇതിൽ പ്രധാനമായും വിശകലനവിധേയമാക്കിയിട്ടുള്ളത്. സഞ്ജയനെന്ന പേരിൽ കടുത്തവിമർശനപരിഹാസങ്ങൾ ചൊരിഞ്ഞ ആൾ ഇവിടെ മണ്ഡനനിരൂപണങ്ങളാണ് സാഹിത്യലോകത്തിനാവശ്യമെന്ന മനസ്സിലാക്കി ആ ധാരയെ സ്വീകരിക്കുകയാണ് ഈ പുസ്തകത്തിൽ. ആശാന്റെ കൃതികളിലെ ദോഷങ്ങൾ ചൂണ്ടിക്കാണിക്കാൻ ആവശ്യപ്പെട്ട സഹൃദയനോട് 'ദോഷൈകദർശിത്വം അത്യന്തം അപലപനീയമായ ഒരു നിരൂപണപദ്ധതിയാണെന്ന് സ്വാഭിപ്രായമുള്ള ഞാൻ എങ്ങനെയാണ് കുറച്ചുനേരത്തേക്കെങ്കിലും ആ വേഷമെടുക്കുക' (സാഹിത്യനികഷം 8). എന്ന് നിസ്സന്ദേഹം ചോദിക്കുന്നുണ്ട്. മാത്രമല്ല കർശനവിമർശകനായ സഞ്ജയന്റെ മറുഭാഗമായി എം.ആർ. നായരെ അദ്ദേഹം സ്വയംപ്രതിഷ്ഠിക്കുന്നു. 'ഞാൻ സ്നേഹിക്കുന്നവരെയെല്ലാം സഞ്ജയൻ സ്നേഹിക്കുന്നില്ല. സഞ്ജയൻ ദ്വേഷിക്കുന്നവരെയെല്ലാം ഞാൻ ദ്വേഷിക്കുന്നുമില്ല. സഞ്ജയന്റെ സ്നേഹവിദ്വേഷങ്ങൾ ആദർശങ്ങളെയും എന്റെ സ്നേഹവിദ്വേഷങ്ങൾ പരിചയത്തേയും വ്യക്തിപരമായ ഉപകാരാപകാരങ്ങളെയും രുചിസാദൃശ്യത്തെയും ആശ്രയിച്ചിരിക്കുന്നു.' (മലയാളസാഹിത്യനായകന്മാർ 39) എന്നദ്ദേഹം ഇരുവരെയും

കൃത്യമായിത്തന്നെ വ്യവച്ഛേദിച്ചിട്ടുണ്ട്. പാരഡികളിലൂടെയും ഹാസ്യലേഖനങ്ങളിലൂടെയും മിസ്റ്റിസിസത്തോടും കാല്പനികതയോടും ജീവത്സാഹിത്യത്തോടുമെല്ലാം സന്ധിയില്ലാസമരം നടത്തിയ സഞ്ജയനിൽനിന്നും തികച്ചും വ്യത്യസ്തമായ മുഖം വെളിവാകുന്നവയാണ് സാഹിത്യനികഷത്തിലെ നിരൂപണങ്ങൾ എന്നു കാണാം.

ആശാൻ, വള്ളത്തോൾ, ഉള്ളൂർ, കാളിദാസൻ, ടാഗോർ, വി.സി. ബാലകൃഷ്ണപ്പണിക്കർ, നാലപ്പാട്, എന്നിവരുടെ വിഖ്യാതകൃതികളെക്കുറിച്ചുള്ള മണ്ഡനനിരൂപണങ്ങളാണ് ഇതിൽ മുഖ്യമെങ്കിലും ചങ്ങമ്പുഴ, ഇടപ്പള്ളി രാഘവൻപിള്ള എന്നിവരെക്കുറിച്ചുള്ള ഖണ്ഡനനിരൂപണങ്ങളുമുണ്ട് ഈ നിരൂപണഗ്രന്ഥത്തിൽ. ഖണ്ഡനവിമർശനത്തിൽ മുപ്പതുകളിൽ മലയാളസാഹിത്യത്തിൽ നാമ്പെടുത്ത സാഹിത്യപ്രസ്ഥാനങ്ങളായ മിസ്റ്റിസിസം, യഥാതഥവാദം, വിഷാദാത്മകത തുടങ്ങിയവയോടുള്ള തന്റെ രൂക്ഷമായ വിപ്രതിപത്തി പ്രകടമാണ്. മുപ്പത്തൊമ്പത് നിരൂപണലേഖനങ്ങളടങ്ങിയ ഈ സമാഹാരത്തിലെ ഓരോനിരൂപണവും പ്രധാനമാണെങ്കിലും ഇവിടെ ആധുനികകവിത്രയത്തെക്കുറിച്ചുള്ള പഠനങ്ങളാണു പരിശോധിക്കുന്നത്. എം.ആർ. നായരുടെ കാവ്യസങ്കല്പത്തെക്കുറിച്ചറിയാൻ ആധുനികകവിത്രയത്തെ ആധാരമാക്കി അദ്ദേഹം രചിച്ച നിരൂപണങ്ങൾ സഹായകമാകും. വാങ്മയചിത്രം, അലങ്കാരം, മൂലപാഠം, അനുകരണം, ഹാസ്യം തുടങ്ങിയ സങ്കല്പനങ്ങളെ മുൻനിർത്തി അനുയോജ്യമായ ഉദാഹരണങ്ങൾസഹിതം യുക്തിയുക്തമായും വസ്തുനിഷ്ഠമായും സ്വന്തം നിലപാടുകൾ അവതരിപ്പിക്കുന്നു അദ്ദേഹം.

കവിതയുടെ മാറ്റുകൂട്ടുന്നതിൽ അലങ്കാരങ്ങൾക്കുള്ള പങ്കിനെക്കുറിച്ചന്വേഷിക്കുന്ന നിരൂപണമാണ് കവിയുടെകണ്ണ്. വള്ളത്തോൾകൃതികളിലെ ഉപമാലങ്കാരത്തിന്റെ സൗന്ദര്യമാണ് ഇതിൽ പരിശോധിക്കുന്നത്. അതിനായി ബന്ധനസ്ഥനായ അനിരുദ്ധൻ, പട്ടിൽപ്പൊതിഞ്ഞതീക്കൊള്ളി, ഒരുസന്ധ്യാപ്രണാമം എന്നീ കൃതികളിലെ വരികൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു. 'നിരൂപണവിഷയമായ ഉപമകൾ ഈ കൃതികളിലാണുള്ളത്' എന്നതാണ് ഈ തെരഞ്ഞെടുപ്പിന് അദ്ദേഹം പറയുന്ന ന്യായം. വള്ളത്തോൾകൃതികളിലുള്ള നിരൂപകനുള്ള അവഗാഹം വ്യക്തമാക്കുന്നവകൂടിയാണ് ഈ തെരഞ്ഞെടുപ്പ്.

'ഹാ മൺകുടത്തിലെരിയുന്ന മണിപ്രദീപം
ഭീമശ്മശാനഭുവി നട്ട രസാലപോതം
ധൂമത്തിൽവെച്ച മലർ, കുപ്പയിലിട്ട സാള-

ഗ്രാമം, ഗ്രഹപ്പിഴയിൽ മങ്ങിയെഴുന്ന ഭാഗ്യം,
പങ്കത്തിലാ ചെറുദന്തി, മൃഷാപവാദ-
ത്തിങ്കലർപ്പിച്ച സുയശ്ശസ്സിവയെന്ന പോലെ
വൻ കല്ലറയ്ക്കകമിരുന്നരുളും യുവാവാ
മങ്കക്കൊടിക്കഥ പുരോഭുവി കാണുമാറായ്.'

കാരാഗൃഹത്തിൽ കഴിയേണ്ടിവരുന്നെങ്കിലും ബന്ധനമുക്തനാകുന്നതോടുകൂടി അനിരുദ്ധൻ അകളങ്കിതനായിത്തീരുന്നു എന്നു വ്യക്തമാക്കുന്ന സുന്ദരമായ മാലോപമകളുടെ പ്രയോഗത്തെ നിരുപാധികം സ്വീകരിക്കുന്നില്ല നിരൂപകൻ. ഇവയിൽ ധൂമത്തിൽവെച്ച മലർ എന്ന പ്രയോഗം പിന്നീട് വരുന്ന ഉപമകൾക്കെല്ലാം അർഥപരമായി കളങ്കമാണെന്ന് ഒറ്റ വായനയിൽത്തന്നെ സ്പഷ്ടമാണെന്നതിനാൽ അതിനെ പരിഗണിക്കാതെ മറ്റുപമകളെ മാത്രമാണ് അദ്ദേഹം സ്വീകരിക്കുന്നത്. ഇവിടെ 'ധൂമത്തിൽവെച്ച മലരൊഴിച്ച്, ബാക്കി ഉപമകളുടെ സന്ദർഭൗചിത്യം നോക്കുക' എന്നിങ്ങനെ ദോഷത്തെ വിട്ട് ഗുണങ്ങളിലേക്കാണ് വായനക്കാരുടെ ശ്രദ്ധയെ അദ്ദേഹം ആകർഷിക്കുന്നത്. തന്റെ നിലപാടിന് യോജിക്കുന്നവയെ മാത്രം സ്വീകരിക്കുകയും അല്ലാത്തവയെ അനൗചിത്യമാണെന്ന് തിരിച്ചറിയുന്നപക്ഷം സഹിഷ്ണുതയോടെ തള്ളിക്കളയുകയും ചെയ്യുന്ന മണ്ഡനനിരൂപകനെയാണിവിടെ കാണുന്നത്. സാഹിത്യനികഷം എന്ന തലക്കെട്ടിനെ സാധൂകരിക്കുന്ന രീതിയിൽ കൃതികളെ മാറ്ററച്ചുനോക്കി മികച്ചവയെ എടുത്തവതരിപ്പിക്കുകയും അല്ലാത്തവയെ തള്ളുകയുമാണ് നിരൂപകൻ ചെയ്യുന്നത്.

വിശാലാർഥത്തിൽ നോക്കിയാൽ മൂലപാഠത്തിനോട് പ്രമേയപരമായും രൂപപരമായും സാമ്യം പുലർത്തുന്നതാവണോ ലക്ഷ്യപാഠം എന്ന അന്വേഷണമാണ് കർണ്ണഭൂഷണം എന്ന ലേഖനം. മഹാഭാരതത്തിലെ കർണ്ണന്റെ കർണ്ണഭൂഷണദാനകഥയുടെ പുനരാവിഷ്കരണമാണ് ഉള്ളൂരിന്റെ കർണ്ണഭൂഷണം. ഈ കൃതിയുടെ കാവ്യഭംഗിയും ഇതിന് മൂലകഥയോടുള്ള സത്യസന്ധതയുമാണ് നിരൂപകൻ അന്വേഷിക്കുന്നത്. മൂലപാഠത്തെ തള്ളിക്കൊണ്ടുള്ള പാഠങ്ങളെ അദ്ദേഹം അംഗീകരിക്കുന്നില്ല. അതേസമയം പാദനപദതർജ്ജമയോട് അദ്ദേഹത്തിന് മമതയുമില്ല. 'ടാഗോർകൃതികളുടെ മലയാളവിവർത്തനത്തിൽ അവയുടെ ആത്മീയാംശം ചോർന്നുപോകുന്നതിനെക്കുറിച്ച് തന്റെ ഉത്കണ്ഠ രേഖപ്പെടുത്തിയ സഞ്ജയൻ, വിവർത്തകൻ മൂലഭാഷയുടെ പിന്നാലെ പോകരുതെന്നു നിഷ്കർഷിച്ചു. അനുഗതതർജ്ജമ വർജ്യമാണെന്നും വിവർത്തനം മൂലകൃതിയിലെ വൈകാരികാന്തരീക്ഷം നിലനിർത്താനുള്ള സ്വാതന്ത്ര്യം നല്കുന്ന സ്വതന്ത്രതർജ്ജമയാണ് യഥാർത്ഥതർജ്ജമയെന്നുമാണ്

അദ്ദേഹത്തിന്റെ നിലപാടെന്ന് സി. രാജേന്ദ്രൻ നിരീക്ഷിച്ചിട്ടുണ്ട്.' (സഞ്ജയൻ: നിരൂപണത്തിലെ നവോത്ഥാനം 26,27) കർണ്ണന്റെ മഹത്വത്തെ വ്യക്തമാക്കുന്ന പല കൃതികളും പിന്നീടുണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം മൂലകഥയെ പാടേ വിസ്മരിച്ച എന്നൊരു സൂചനയും നിരൂപകൻ നല്കുന്നുണ്ട്. സൂര്യനുമായുള്ള കർണ്ണന്റെ സമാഗമവേളയിലാണ് കവിതയിൽ, താൻ സൂര്യപുത്രനാണെന്ന് കർണ്ണൻ തിരിച്ചറിയുന്നത്. ഈ കഥാവ്യതിയാനം കവിയുടെ സങ്കല്പമാണെങ്കിൽ അങ്ങനെയൊരു സ്വാതന്ത്ര്യം കവി സ്വീകരിച്ചത് കാവ്യചമത്ക്കാരത്തിനു വേണ്ടിയാണെന്ന് എതിർപക്ഷമുണ്ടാകാത്ത വിധത്തിൽ ലേഖകൻ പറഞ്ഞുറപ്പിക്കുന്നു. കർണ്ണന്റെ മഹത്വത്തെ പ്രത്യേകം ആവിഷ്കരിക്കാൻ കർണ്ണഭൂഷണത്തിലൂടെ കവിക്ക് കഴിഞ്ഞിരിക്കുന്നു എന്നതുമാത്രമല്ല അതിനായി മൂലകഥയിൽനിന്ന് വ്യതിചലിക്കുന്നില്ല എന്നതുകൂടിയാണ് ആ കൃതിയുടെ ഉത്കൃഷ്ടതയായി നിരൂപകൻ കാണുന്നത്.

കർണ്ണനും സൂര്യനും തമ്മിലുള്ള വാഗ്വാദത്തെയാണ് കവിയുടെ വാഗ്പാടവത്തിനും കാവ്യാനുഭൂതിക്കുമുള്ള ഉദാഹരണമായി ചൂണ്ടികാണിക്കുന്നത്. മിൽട്ടന്റെ പാരഡൈസ് ലോസ്റ്റിനോടാണ് നിരൂപകൻ കർണ്ണഭൂഷണത്തിന്റെ ഉത്തരാർധത്തെ ചേർത്തുവയ്ക്കുന്നത്. കർണ്ണഭൂഷണത്തിന്റെ മൂലകഥയോടുള്ള എം.ആർ. നായരുടെ ആഭിമുഖ്യം ആർഷഭാരതസംസ്കാരത്തോടുള്ള അതിരറ്റ ആരാധനകൂടി വ്യക്തമാകുന്നു. 'ദുര്യോധനപക്ഷപാതിത്വത്തിന്റെ പാപം ജ്ഞാനംകൊണ്ട് ആചാര്യന്മാരും, ദാനംകൊണ്ടു കർണ്ണനും നിർദ്ധൗതമാക്കുവാൻ ശ്രമിക്കുന്നു. കർണ്ണന്റെ ദാനനിഷ്ഠ സർവ്വോത്കൃഷ്ടമായ ആത്മത്യാഗത്തിൽ—തന്റെ ആയുസ്സിനെ നിലനിർത്തുന്ന കുണ്ഡലകവചങ്ങളുടെ ദാനത്തിൽ—കലാശിക്കുന്നു. ഈ ത്യാഗാഗ്നിയിൽ കർണ്ണന്റെ പാപം ദഹിക്കുകയും ചെയ്യുന്നു.' (സാഹിത്യനികഷം 24) എന്ന വാക്കുകൾ ഇതിനുത്തമദൃഷ്ടാന്തമാണ്.

നിരൂപകൻ അഭിപ്രായപ്പെടുന്നതുപോലെ ചമത്ക്കാരപരമായും പ്രമേയപരമായും ഔന്നത്യം പുലർത്തുന്ന കവിതയാണ് കർണ്ണഭൂഷണം എന്നതിൽ അഭിപ്രായവ്യത്യാസമില്ല. പക്ഷേ, തന്റെ അഭിപ്രായങ്ങൾ യുക്തിയുക്തമായി അവതരിപ്പിക്കുമ്പോൾതന്നെ പലയിടത്തും നിരൂപകൻ എന്ന നിലവിട്ട് ഉള്ളൂരിന്റെ പക്ഷപാതിയായി അദ്ദേഹം മാറുന്നത് കാണാം.

'ചർമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരിവരെ മാറിമാറി

വെൺനര വൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലക്കൈകളാൽ താങ്ങിത്താങ്ങി'

എന്ന് കുന്തി ഉപേക്ഷിച്ച കർണ്ണനെ മാറിമാറി ഏറ്റുവാങ്ങി ഒഴുകുന്ന നദികളെ അവതരിപ്പിക്കുന്ന വരികളെക്കുറിച്ച് നിരൂപകൻ പറയുന്നത് നോക്കുക: ഈ നാലു വരികളൊഴികെ ഉള്ളൂരിന്റെ കൃതികളുടെ ഇതരഭാഗങ്ങൾ മുഴുവനും നഷ്ടങ്ങളായിപ്പോവുകയാണെങ്കിൽക്കൂടി ഇവയുടെ മാഹാത്മ്യംകൊണ്ടുമാത്രം അദ്ദേഹം മഹാകവിപദത്തിനർഹൻതന്നെയായിരിക്കും എന്നാണ്. ഈ വരികൾ സുന്ദരമാണെന്നതിൽ സംശയമില്ല. എന്നാൽ ഇത്രയും അതിശയോക്തിപരമായ അഭിപ്രായം ഒരു വസ്തുനിഷ്ഠനിരൂപണത്തിന് യോജിച്ചതല്ല. അദ്ദേഹം ഈ ലേഖനം അവസാനിപ്പിക്കുന്നതുകൂടി ശ്രദ്ധിച്ചാൽ ഇവ കൂടുതൽ വ്യക്തമാകും. 'കർണ്ണഭൂഷണം മുഴുവൻ ഒരാവൃത്തി വായിച്ചു പുസ്തകം താഴെവെക്കുന്ന ഒരാളുടെ മനസ്സിൽ അഭൗമമായ ഏതോ ഒരു വെടിക്കെട്ടു പൊട്ടിത്തീരുന്നത് നോക്കിനിന്ന ഒരാളുടെ മനസ്സിൽ ഉണ്ടാവാനിടയുള്ള വികാരങ്ങളാണ് ഉണ്ടാവുക. പുസ്തകം നോക്കി വായിക്കുക മാത്രംചെയ്ത ആൾക്കുകൂടി, അതിലെ വരികൾ മുഴുവനും ആരോ ഉറക്കെ ചൊല്ലിക്കേട്ടതുപോലെ ഒരു ഭ്രാന്തിയുണ്ടായിരിക്കും. ഈ ഒരു അനുഭവം പാരഡൈസ് ലോസ്റ്റിലെ സാത്താന്റെയും ഷേക്സ്പിയറുടെ ജൂലിയസ് സീസർ എന്ന നാടകത്തിലെ ആന്റണിയുടേയും പ്രഭാഷണങ്ങൾ വായിച്ചപ്പോൾ മാത്രമേ ഇതെഴുതുന്ന ആൾക്ക് ഉണ്ടായിട്ടുള്ളൂ. ഈ ഗുണത്തെയാണ് ഞാൻ വാഗ്വിലാസം എന്നു വിളിക്കുന്നത്. ഇതു നമ്മുടെ കുഞ്ചൻ നമ്പ്യാരിലും ഉള്ളൂരിലും മാത്രമേ ഞാൻ പരിപൂർണ്ണമായി കണ്ടിട്ടുള്ളൂ. ഇവർ രണ്ടുപേരുംമാത്രം കവിത കേട്ടെഴുതിയതുപോലെ തോന്നിക്കുന്നു. അഥവാ അവയുടെ ഗുണോൽക്കർഷം കണ്ടാൽ അവ സാക്ഷാൽ വാഗ്വീശ്വരിയുടെ മുഖത്തുനിന്നു നിർഗ്ഗളിച്ചവയാണെന്ന് അനുമാനിച്ചാലും വലിയ തെറ്റൊന്നുമില്ലതാനും.' (സാഹിത്യനികഷം 31,32) എന്നാണ്. ഈ അതിശയോക്തിയും വ്യക്തിനിഷ്ഠതയുംതന്നെയാണ് മാരാരെയും മുണ്ടശ്ശേരിയെയും എം.ആർ. നായരുടെ നിരൂപണങ്ങളുടെ വിദ്വേഷികളാക്കിമാറ്റിയത്. സാധാരണക്കാർക്കുവരെ സംശയമെന്യേ മനസ്സിലാകുന്ന നമ്പ്യാർകൃതികളെയും പണ്ഡിതരായ വായനക്കാരെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ഉള്ളൂർകൃതികളെയും ചേർത്തുവെച്ചു എന്നിടത്താണ് പ്രഥമദൃഷ്ട്യാതോന്നുന്ന മറ്റൊരു പ്രശ്നം. ഉള്ളൂർകൃതികളെയും നമ്പ്യാർകൃതികളെയും ഒരുപോലെ കൈകാര്യം ചെയ്യാൻ കഴിവുള്ള എം.ആർ. നായരാണ് ഇതുപറയുന്നതെന്നതിനാലും 'ഞാൻ' എന്ന് പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട് ആത്മനിഷ്ഠതയിൽ ഉറച്ചുനില്ക്കുന്നതിനാലും

ഇത് അനുവദനീയമാണ്. എങ്കിലും ഇവിടെ വായനക്കാരന്റെ അഭിപ്രായത്തിന് സ്ഥാനമില്ലാതാവുന്നു എന്നതാണ് പ്രശ്നം.

ഇദ്ദേഹം കാവ്യത്തിന്റെ ജീവനായി കാണുന്ന മറ്റൊന്നാണ് വാങ്മയചിത്രങ്ങൾ. മായാത്ത ചിത്രങ്ങൾ എന്ന ലേഖനത്തിലൂടെ സാഹിത്യത്തിലെ അവിസ്മരണീയമായ ചില മുഹൂർത്തങ്ങളെ നമുക്കുമുമ്പിൽ അവതരിപ്പിക്കുകയാണ് അദ്ദേഹം. കാളിദാസന്റെ കുമാരസംഭവത്തിലെ ശിവൻ, എഴുത്തച്ഛന്റെ ഹനുമാൻ, പാർഥസാരഥി, കുഞ്ചൻനമ്പ്യാരുടെ കദളീവനം, കുമാരനാശാന്റെ വാസവദത്ത, കാളവണ്ടി, അശ്വത്ഥം, ആനന്ദഭിക്ഷു, സീത, വള്ളത്തോളിന്റെ നാഗില, മാഹമ്മദമങ്ക, യേശുദേവൻ, ഉള്ളൂരിന്റെ മഴത്തുള്ളി, വെണ്മണിയുടെ ഗോസായിമാർ തുടങ്ങി നിരവധി സാഹിത്യചിത്രങ്ങളുടെ ഒരുപ്രദർശനശാലയിലേക്കാണ് നിരൂപകൻ നമ്മെകൊണ്ടുപോകുന്നത്. വർണ്ണചിത്രം, ചലനചിത്രം. നിശ്ചലചിത്രം, ശബ്ദചിത്രം എന്നിങ്ങനെ വൈവിധ്യമാർന്ന കാവ്യചിത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ് ഇത് സമർത്ഥിക്കുന്നത്. ശബ്ദചിത്രത്തിനൊരുദാഹരണം നോക്കാം,

'ഉടനെച്ചക്രങ്ങൾ നിലത്തുരുളുമൊച്ചകൾ കൂട്ടി-
പ്പൊടി പൊങ്ങിച്ചു വീഥിയിൽ വടക്കുനിന്നും,
ആനതാഗ്രമായ കൊമ്പിൽപ്പൂവണിഞ്ഞും, തിരയിന്മേൽ
ഫേനപിണ്ഡംപോലെ പൊങ്ങും പൂഞ്ഞ തുള്ളിച്ചും,
കിലുകിലെക്കിലുങ്ങുന്ന മണിമാലയാർന്ന കണ്ഠം
കുലുക്കിയും, കുതിച്ചാഞ്ഞു താടയാട്ടിയും...'

എന്ന് കരുണയിലെ ചെട്ടിയാരുടെ കാളവണ്ടിയിലുള്ള വരവിനെ അതിലെ സ്വരവ്യഞ്ജനങ്ങളുടെ ശബ്ദംകൊണ്ടുതന്നെ അനുഭവവേദ്യമാക്കുന്നു എന്നാണദ്ദേഹം പറയുന്നത്. പില്ക്കാലത്ത് ശൈലീവിജ്ഞാനക്കാർ ഈ നിരൂപകവഴി പിന്തുടർന്നിട്ടുണ്ട് എന്നോർക്കാം.

സ്വഭാവോക്തിയെന്ന അലങ്കാരത്തെമാത്രം അവലംബമാക്കി ഒന്നോ രണ്ടോ ചേഷ്ടകളുടെ വർണ്ണനകൊണ്ട് മായാത്ത ചിത്രങ്ങളെ നിർമ്മിക്കാൻ മഹാകവികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന് ദൃഷ്ടാന്തമായി കാണിച്ച വള്ളത്തോളിന്റെ ശിഷ്യനും മകനും എന്ന കവിതയിലെ

'ഉടൻ മഹാദേവിയിടത്തുകയ്യാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി-
പ്പാർശ്വസ്ഥനാകും പതിയോടുരച്ചാൾ.' ഈ വരികൾ പിന്നീട് പലരും ഉദ്ധരിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധേയമാണ്.

ഇങ്ങനെ കവിത്രയത്തിന്റെ കവിതകളിലെ ചിത്രസ്വാധീനമുള്ള വരികളുടെ വ്യത്യസ്തമാനങ്ങൾ വലിയ വിശദീകരണങ്ങളില്ലാതെതന്നെ അവതരിപ്പിക്കുകയാണ് അദ്ദേഹത്തിന്റെ ശൈലി. വള്ളത്തോൾ നാഗിലയെ വർണ്ണിക്കുന്നിടത്ത് 'അനുരക്തി ചേടിയാലലക്ഷ്യമാക്കിയ' എന്ന പ്രയോഗത്തിലടങ്ങിയ അവാച്യമാധുര്യമോ, ശിഷ്യനും മകനിലും പരശുരാമൻ കൈലാസത്തിലേക്ക് നടന്നുപോകുന്നത് വർണ്ണിക്കുന്ന ശ്ലോകത്തിന്റെ ജീവനോ ഒന്നും ഒരുചിത്രകാരനും ചായത്തിൽ മുക്കിയ തുലികകൊണ്ട് പ്രകാശിപ്പിക്കാൻ കഴിയില്ല എന്നാണ് നിരൂപകന്റെ അഭിപ്രായം. പ്രസിദ്ധനിരൂപകനായ എം.പി. പോളും ഈ തരത്തിൽ കവിതയെ താരതമ്യം ചെയ്തിട്ടുണ്ട്. ചിത്രകലയും കാവ്യകലയും എന്ന ലേഖനത്തിൽ ചിത്രത്തിനാണോ കാവ്യത്തിനാണോ കൂടുതൽ മേന്മയെന്ന് മാറ്ററച്ചുനോക്കിയിട്ടുണ്ടദ്ദേഹം. 'ഒരുപൊരുത്തക്കേടുമില്ലാതെ സ്ഥൂലവും സൂക്ഷ്മവും, ദൃശ്യവും അദൃശ്യവും, മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പരസ്പർദ്ധകൂടാതെ ഒന്നുചേർന്നു വിഹരിക്കുന്നവെന്നും ചിത്രകാരന് ആ ലോകത്തിൽ എത്തിനോക്കുവാൻ പോലും സാധിക്കയില്ലയെന്നും'(സൗന്ദര്യനിരീക്ഷണം 39) അദ്ദേഹം കാവ്യത്തെ ഉദാത്തവത്കരിച്ചിട്ടുമുണ്ട്. പോളിന്റെ ഈ അഭിപ്രായത്തോട് ചേർന്നുനില്ക്കുന്ന എം.ആർ.നായരുടെയും അഭിപ്രായം. ചിത്രകലയെക്കാൾ മികച്ചതാണ് കാവ്യചിത്രങ്ങൾ എന്നും അതിനുള്ള വൈഭവമാണ് ഒരു കവിയെ ഉത്കൃഷ്ടനാക്കുന്നത് എന്നും അതിൽ നമ്മുടെ കവിത്രയം മുൻനിരയിൽത്തന്നെയാണ് എന്നും ചില ഉദാഹരണങ്ങൾ നല്കിക്കൊണ്ട് എം. ആർ. നായർ സ്ഥാപിക്കുന്നു.

അനുകരണം കാവ്യോത്കർഷമാണോ അതോ കാവ്യന്യൂനതയാണോ എന്നവിഷയത്തെക്കുറിച്ചുള്ള അഭിപ്രായം വ്യക്തമാക്കുന്ന ലേഖനമാണ് കവികളുടെ കടം. അന്യകവികളുടെ ആശയം കടംകൊള്ളാത്ത ഒരു കവിതാംഗനയും ഒരു സാഹിത്യചരിത്രത്തിലും ഉണ്ടായിട്ടില്ലെന്നാണ് നിരൂപകപക്ഷം. നാം ഒരുപ്രാവശ്യമെങ്കിലും കാണുകയോ കേൾക്കുകയോ അനുഭവിക്കുകയോ ചെയ്ത കാര്യങ്ങൾ നാമറിയാതെതന്നെ നമ്മുടെ സ്മൃതിപഥത്തിൽ വേരൂന്നിപ്പിടിക്കുകയും അവ ഉചിതമായ ചില സന്ദർഭങ്ങളിൽ പുറത്തുവരികയും അത് സ്വന്തമായി ആവിഷ്കരിക്കുകയും ചെയ്യും. ഇതൊരിക്കലും ഒരപഹരണമായിട്ടല്ല നിരൂപകൻ കാണുന്നത്. അത് എഴുത്തുകാരനുള്ളിലെ അനുഭവസമ്പത്താണ്. ഒരു കവിതയുടെ നാലോ അഞ്ചോസ്ഥലത്ത് അന്യകവികളെ അനുസ്മരിപ്പിക്കുന്ന ആശയങ്ങൾ വന്നുചേരുന്നതിൽ അപാകതയില്ല. എന്നാൽ ഒരാളുടെ സമ്പാദ്യം മുഴുവൻ കടമായി സ്വീകരിക്കരുത്.

അതുകൊണ്ടുതന്നെയാവാം അദ്ദേഹം സഞ്ജയനെന്ന പേരിൽ ചങ്ങമ്പുഴയുടെ മോഹിനിയ്ക്ക് മോഹിതൻ എന്ന പാരഡിയുണ്ടാക്കിയത്. (റോബർട്ട് ബ്രൗണിംഗിന്റെ Porphyria's lover- പൊർഫീറിയയുടെ കാമുകൻ എന്ന കൃതിയുടെ പൂർണ്ണമായ അനുകരണമാണിതെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം). കൃതിയുടെ സന്ദർഭൗചിത്യത്തിനും അർഥപുഷ്ടിക്കും സഹായകമാകത്തക്ക രീതിയിലും മുകളിൽപറഞ്ഞ നിബന്ധനകൾ അനുസരിക്കുന്ന രീതിയിലുമുള്ള കടംകൊള്ളലിനെ മാത്രമേ നിരൂപകൻ സ്വാഗതം ചെയ്യുന്നുള്ളൂ. ഉത്തമമായ അനുകരണത്തിന് അദ്ദേഹം കാളിദാസന്റെയും വി.സി. ബാലകൃഷ്ണപ്പണിക്കരുടെയും വള്ളത്തോളിന്റെയും കൃതികളെ ഉദാഹരിക്കുന്നു. വള്ളത്തോൾ കൃതിയിലെ ഉദാഹരണം പരിശോധിക്കാം; സന്ധ്യാപ്രണാമത്തിലെ ജോനകത്തരുണിയെ വർണ്ണിക്കുന്നത് നോക്കുക:

'കോരിക്കുട്ടിയ പാഴ്ക്കരിക്കിടയിലെ-
ത്തീക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ,
മാരിക്കാറണി ചൂഴുമിന്ദുകലയോ
പോലേ, മനോജ്ഞാംഗിയാ-
ളാരി, ക്കാണ്മൊരിരു കൊച്ചുപുരതൻ
കോലായിൽ നില്ക്കുന്നവൾ?'

ഇതിൽ 'പായലാൽ പൂരിച്ചുള്ള ചളിക്കുളത്തിലുളവാം പൊന്താമരപ്പുഷ്പമോ' എന്നവരി കാളിദാസന്റെ 'സരസിജമനുവിദ്ധം ശൈവലേനാപി രമ്യം' എന്ന വരിയുടെ നേർപ്പകർപ്പാണ്. എന്നാൽ ഇതിനോടുചേർന്നു നില്ക്കുന്ന മറ്റുവരികൾ വള്ളത്തോളിന്റെ സ്വന്തമാണ്. അതുകൊണ്ട് അത്യുജ്ജ്വലമായ ഒരാഭരണത്തോടൊപ്പമാണ് സന്ദർഭത്തിന് ഏറ്റവും അനുയുക്തമായ മറ്റൊരാഭരണം കടംവാങ്ങിയണിയുന്നത്; ആയതിനാലിത് അഭിമാനക്ഷതിയല്ല. കാളിദാസന്റെ ഒരുപ്രയോഗത്തെ വള്ളത്തോൾ അഭിനന്ദിച്ചുവെന്നതിനുള്ള ദൃഷ്ടാന്തമാണെന്നാണ് നിരൂപകന്റെ വാദം. അനുകരണത്തിന്റെ തോതിലും അവയുടെ ചേർത്തുവയ്പിലൂടെ കവിതാംഗനയ്ക്ക് ലഭിക്കുന്ന സൗന്ദര്യത്തിലുമാണ് നിരൂപകന്റെ നിരൂപകദൃഷ്ടി പതിഞ്ഞതെന്നിവിടെ വ്യക്തമാണ്.

എം.ആർ. നായരുടെ നിരൂപകസങ്കല്പം വ്യക്തമാക്കുന്ന ലേഖനമാണ് മഹാകവികളും നിരൂപകദൃഷ്ടിയും എന്നത്. 'ദോഷങ്ങൾ ശാകുന്തളത്തിൽകൂടി ആർക്കും കാണിക്കാം; പ്രതിഭയും പാണ്ഡിത്യവുമുണ്ടെങ്കിൽ

എത്രയെങ്കിലും കാണിക്കാം; പക്ഷേ, ശാകുന്തളം ഒരേ ഒരൊറ്റ ആൾക്കു മാത്രമേ എഴുതുവാൻ സാധിക്കുമായിരുന്നുള്ളൂ.' (സാഹിത്യനികഷം 5) എന്ന് നിരൂപണത്തോടുള്ള തന്റെ നിലപാട് വ്യക്തമാക്കുന്ന ലേഖകൻ ഇവിടെ ചർച്ചയ്ക്കെടുക്കുന്നത് ഉള്ളൂരിന്റെ ഉമാകേരളത്തെയാണ്.

'നെല്ലുകുത്തുവതെങ്ങനെ, കക്ഷം
തെല്ലു കണ്ടിടരുതെന്നു ശഠിച്ചാൽ?'
'........... ദന്ത-
ചീപ്പിൽപ്പെട്ടിടുമോരു പേൻകണക്കു കൊന്നാൽ'

ഉമാകേരളം മുഴുവൻ വായിച്ചിട്ട് ഈ വരികളെമാത്രം വിശദീകരിക്കുകയും അതിലെ അപാകതകളെ വിലയിരുത്തുകയുംചെയ്യുന്ന നിരൂപകൻ ദോഷൈകദൃക്കുകളോ അസൂയാലുക്കളോ ആയിരിക്കും. അതേ സമയം അതേ കവിതയിലെ:

'വരുമിപ്പൊഴുതേട്ടനെന്നു ചിന്തി-
ച്ചരുമക്കുട്ടികളങ്കണത്തിൽ നിൽക്കെ,
ഒരു മർത്ത്യനണഞ്ഞു, കൃഷ്ണസർപ്പം
കുരുവിക്കുട്ടിനകം കടന്നപോലെ'

എന്ന കാവ്യഭംഗി തുളുമ്പുന്ന വരികളെ നിരൂപകർ സൗകര്യപൂർവ്വം മറക്കുകയും ചെയ്യുന്നതിനെയാണ് ലേഖകൻ വിമർശിക്കുന്നത്. നിരൂപണത്തിൽ ഒരുകൃതിയുടെ ദോഷങ്ങളെയല്ല ഗുണങ്ങളെയാണ് പാടിപ്പുകഴ്ത്തേണ്ടതെന്ന പക്ഷക്കാരനാണ് നിരൂപകൻ. ഇതിനർഥം ദോഷങ്ങളെ മുഴുവൻ മറച്ചുപിടിക്കണമെന്നല്ല. തന്റെ പ്രിയകവിയായ ഉള്ളൂരിനെക്കുറിച്ച് 'ഹാസ്യമില്ലാത്ത കുഞ്ചൻ' എന്നുപറയുന്നതും ഹാസ്യം കൂടിയുണ്ടായിരുന്നെങ്കിൽ കൃതി കേമമായേനെ എന്ന അഭിപ്രായവും ദോഷങ്ങൾ കാണുന്നതിനുള്ള ദൃഷ്ടാന്തമാണ്. ഇവയ്ക്കുപുറമെ നാലപ്പാടിനെയും അദ്ദേഹത്തിന്റെ കണ്ണുനീർത്തുള്ളിയെയും ചങ്ങമ്പുഴയുടെ രമണനെയും കുറിച്ചുള്ള അഭിപ്രായം നോക്കാം: 'ഒരു രണ്ടാം ക്ലാസ് കവിയുടെ ഒന്നാം ക്ലാസ് കാവ്യമാണ് കണ്ണുനീർത്തുള്ളി'യെന്നും 'ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്നീ ത്രിമൂർത്തികളുടെ പന്തിയിൽ നാലപ്പാടനു സ്ഥാനമില്ല; പക്ഷേ, കർണ്ണഭൂഷണവും പ്രരോദനവും മഗ്ദലനമറിയവും സൂക്ഷിച്ചിരിക്കുന്ന ദിക്കിൽ കണ്ണുനീർത്തുള്ളിക്കു സ്ഥലമുണ്ട്.' (സാഹിത്യനികഷം 16) എന്നുമാണ് അഭിപ്രായം. കവികളുടെ ജനസമ്മതിയല്ല കൃതിയുടെ മൂല്യമാണ് നിരൂപകന് പ്രധാനമെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായി വ്യക്തമാക്കുന്നു. അതോടൊപ്പം നാലപ്പാടന്റെ മറ്റു കൃതികൾക്കുള്ള വിമർശനമായും ഇത് മാറുന്നു.കർത്താവിനെ കേന്ദ്രീകരിച്ചുള്ള നിരൂപണങ്ങൾക്ക്

പ്രാധാന്യം നഷ്ടപ്പെട്ടിട്ടില്ലാത്ത സമകാലികസാഹിത്യത്തിൽ സഞ്ജയന്റെ ഈ അഭിപ്രായം പ്രസക്തമാണ്. എം.ആർ. നായർക്കുശേഷം മലയാളസാഹിത്യത്തിലുണ്ടായ നിരൂപകരൊന്നുംതന്നെ കണ്ണുനീർത്തുള്ളിയെയും നാലപ്പാടനെയും കുറിച്ച് മറിച്ചൊരഭിപ്രായം പറഞ്ഞില്ലയെന്നത് നിരൂപകന്റെ സൂക്ഷ്മദൃഷ്ടിക്കുള്ള ദൃഷ്ടാന്തമാണ്.

എം.ആർ. നായർക്ക് ഒരിക്കലും സമരസപ്പെട്ടുപോകാൻ കഴിയാത്ത കാല്പനികപ്രസ്ഥാനത്തിന്റെ നെടുനായകകവിയായ ചങ്ങമ്പുഴയുടെ കൃതികളെ പാരഡിയിലൂടെയും ഹാസ്യലേഖനങ്ങളിലൂടെയും ആദ്യന്തം വിമർശിച്ച സാഹിത്യകാരനാണ് സഞ്ജയൻ. എന്നാൽ രമണനെ നിരൂപണം ചെയ്യുമ്പോൾ എം.ആർ. നായർ സ്വീകരിക്കുന്ന നിരൂപണരീതി ശ്രദ്ധേയമാണ്. ഇദ്ദേഹം ആദ്യംതന്നെ രമണന്റെ രചനാഗുണങ്ങളെയാണ് പ്രതിപാദിക്കുന്നത്. അതിനുശേഷമാണ് അതിലെ ആശയപരമായ പരിമിതികളെ ചൂണ്ടിക്കാണിക്കുന്നത്. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ഒരുവ്യക്തിയിലെ രണ്ട് വ്യക്തിത്വങ്ങളാണ് എം. ആർ. നായരും സഞ്ജയനുമെന്ന് ഇത് വ്യക്തമാക്കുന്നു. ഈ നിരൂപണത്തിലൂടെ ഒരു കൃതിയിലെ പരിമിതിയെയും ഗുണത്തെയും ഒരുപോലെ കാണാൻ കഴിയുന്ന നിരൂപകന്റെ നിഷ്പക്ഷനിലപാട് വ്യക്തമാകുന്നത്. (ഇടപ്പള്ളി കവികളിലെ പരിമിതിയെ വിശദമായി ചർച്ചചെയ്യാൻ നിരൂപകനെ പ്രേരിപ്പിച്ചത് ഈ ഗാനഗന്ധർവ്വരിൽനിന്നും അദ്ദേഹം ഇതിലധികം പ്രതീക്ഷിച്ചിരുന്നുവെന്നതാണ്). 'സാഹിത്യത്തിലെ വിഷവൃക്ഷം' എന്ന് ഇടപ്പള്ളി രാഘവൻപിള്ളയ്ക്ക് നിരൂപകൻ നല്കുന്ന വിശേഷണം അദ്ദേഹത്തിന്റെ (നിരൂപകന്റെ) കടുത്ത നിരാശയിൽ നിന്നും ജനിച്ചതാണ്. 'കേരളസാഹിത്യലോകത്തിൽ അതിഭയങ്കരമായ ഏതോ ഒരു ദുരദൃഷ്ടത്തിന്റെ ഫലമായി, കടന്നുവന്നു കാലൂന്നുവാൻ ശ്രമിക്കുന്ന വിഷാദാത്മകരക്ഷസ്സിന്റെ നീചമായ ബലിവേദിയിന്മേൽ കറയറ്റ വാസനയാലും തെളിഞ്ഞ പ്രതിഭയാലും അനുഗൃഹീതനായ ഒരു യുവകവി തന്റെ ജീവിതത്തെ ആദ്യബലിയായി അർപ്പിച്ചിരിക്കുന്നുവെന്നറിഞ്ഞ് വ്യസനംകൊണ്ടും ആശങ്കകൊണ്ടും ഞങ്ങൾ ചകിതരായിത്തീരുന്നു' (സാഹിത്യനികഷം 228) എന്ന ആമുഖം ഇതു വ്യക്തമാക്കുന്നു.

സാഹിത്യനികഷത്തിന്റെ രണ്ടാം ഭാഗത്ത് സാഹിത്യത്തിന്റെ പുഞ്ചിരിയെന്ന സാമാന്യം ദീർഘമായ ലേഖനത്തിലൂടെ ഹാസ്യസാഹിത്യത്തിന്റെ വിഭിന്നവശങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുന്നു. ഹാസ്യം ആത്മനിഷ്ഠമാണ്. ഒരുവ്യക്തിയെ ചിരിപ്പിക്കുന്ന ഫലിതം

മറ്റൊരാളെ ചിരിപ്പിക്കണമെന്നില്ല എന്നിരിക്കിലും പണ്ഡിതരെയും പാമരരെയും ഒരുപോലെ ചിരിപ്പിക്കാൻ കഴിയുന്നിടത്താണ് സാഹിത്യകാരന്റെ കഴിവ് എന്നദ്ദേഹം ഊന്നിപ്പറയുന്നു. ഇതിന്റെ അക്ഷയ പാത്രമായി ചൂണ്ടിക്കാണിക്കുന്നത് കുഞ്ചൻനമ്പ്യാരെയാണ്. ആധുനിക കവിത്രയത്തിലെ കൃതികളിലെ ഹാസ്യത്തെക്കുറിച്ചുള്ള ഹ്രസ്വമായൊരന്വേഷണം ഹാസ്യമില്ലാത്ത കുഞ്ചൻ എന്ന ലേഖനത്തിൽ കാണാം. കവിത്രയത്തിൽത്തന്നെ ഉള്ളൂരിന്റെ കൃതികളെയാണിദ്ദേഹം പരിശോധിക്കുന്നത്. ഹാസ്യമില്ലാത്ത കുഞ്ചൻ എന്നാണ് നിരൂപകൻ ഉള്ളൂരിനെ വിശേഷിപ്പിക്കുന്നത്. ഉള്ളൂർ ഹാസ്യം വെടിഞ്ഞവനും ആശയഗാംഭീര്യം കൂടിയവനുമായ ഇരുപതാം നൂറ്റാണ്ടിലെ കുഞ്ചനാണ് എന്നാണ് നിരൂപകപക്ഷം. 'ഉള്ളൂരിന്റെ നന്നെച്ചെറിയ കവിതകൾക്കൊഴികെ ബാക്കി മിക്ക കൃതികൾക്കും ഒരു ന്യൂനതയുണ്ട് അനേകം കൃതികളിൽ കഥ എവിടെയാണ് അവസാനിക്കേണ്ടത്, എന്തൊക്കെയാണ് പറയാതിരിക്കേണ്ടത് എന്ന സംഗതിയെപ്പറ്റി അദ്ദേഹം അവഗാഢമായി ആലോചിക്കാത്തതുപോലെ കാണപ്പെടുന്നു. കുഞ്ചനെ ഈ ദോഷം ബാധിക്കാത്തതു കുഞ്ചൻ ഹാസസാഹിത്യകാരനായതുകൊണ്ടാണ്. ഹാസ്യസാഹിത്യത്തിന് അതിരോ, അളവോ ഇല്ല; സാമർത്ഥ്യമുണ്ടെങ്കിൽ കഥയെ, മുഷിപ്പിക്കാതെ, നീട്ടാം; വാസനയുണ്ടെങ്കിൽ അതിൽ എന്തും, പ്രസ്തുതാപേക്ഷയില്ലാതെ, ചേർക്കാം; മറ്റു സ്ഥലങ്ങളിൽ അതു പറ്റുകയില്ല.' (സാഹിത്യനികഷം 121) ഉള്ളൂരിന്റെയും നമ്പ്യാരുടെയും കൃതികളെ താരതമ്യം ചെയ്തുകൊണ്ടുള്ള ദീർഘമായ ഈ ഉദ്ധരണി സഞ്ജയന്റെ ഹാസ്യകല്പത്തിലേക്കുള്ള താക്കോലാണ്. തന്റെ പ്രധാന തട്ടകമായ ഹാസ്യത്തെക്കുറിച്ചു പറയുമ്പോൾ മാത്രമാണ് എം.ആർ. നായർ തന്റെ പ്രിയകവിയായ ഉള്ളൂരിന്റെ കൃതികളെ അല്പമെങ്കിലും വിമർശിക്കുന്നതെന്നത് ശ്രദ്ധേയമാണ്. എന്നാൽ ഉള്ളൂർക്കൃതികൾ ശോകത്തെ കൈകാര്യം ചെയ്യുന്നതിൽ ഉത്കൃഷ്ടസ്ഥാനം അലങ്കരിക്കുന്നു. അതു ഷെല്ലിയുടെ അഡൊണെയിസ് പോലെ ബുദ്ധിയുടെ വിലാപമാണെന്നുപറഞ്ഞ് നിരൂപകൻ വാചാലനാകുന്നു.

ചില വിഷയങ്ങൾ ചുരുക്കിപ്പറയുന്നതിലാവാം മറ്റു ചിലവ വിശദീകരിക്കുന്നതിലുമാവാം അതിലെ കാവ്യഗുണം കുടികൊള്ളുന്നത് എന്ന അഭിപ്രായക്കാരനാണ് എം.ആർ. നായർ. കവികളുടെ പാടവത്തിനനുസരിച്ച് അവയെ യഥോചിതം ഉപയോഗിക്കാം. അതിനൊരു മാതൃകയെന്നോണം ഉള്ളൂരിനെയും വള്ളത്തോളിനെയുമാണ് നമുക്കുമുമ്പിൽ അവതരിപ്പിക്കുന്നത്. ഉള്ളൂരിന്റെ വാണീവിലാസമാണ് അദ്ദേഹത്തെ ഇതരകവികളിൽനിന്നും വ്യത്യസ്തനാക്കുന്നത്. വാദപ്രതിവാദത്തിനുള്ള

ഘട്ടമെത്തുമ്പോൾ ആശാൻ കഥാപാത്രങ്ങളുടെ മനസ്സിൽക്കയറി വാതിലടയ്ക്കുകയും വള്ളത്തോൾ പരിസരങ്ങളിൽ ലയിക്കുകയും ചെയ്യുന്നുവെന്നാണ് നിരൂപകൻ പറയുന്നത്. വള്ളത്തോളിന്റെ ശിഷ്യനും മകനും എന്ന കവിതയിൽ കുറിയ്ക്കുകൊള്ളുന്ന രീതിയിൽ വളരെ ചുരുക്കി കാര്യങ്ങളവതരിപ്പിക്കുകയാണ് കവി. പല സന്ദർഭങ്ങളും വായനക്കാരുടെ ഊഹത്തിനു വിട്ടുകൊടുക്കുകയും കവി മൗനംപാലിക്കുകയും ചെയ്തിട്ടുണ്ട്. ഇതുതന്നെയാണ് ഈ സന്ദർഭത്തിന് ഉചിതമെന്നതിൽ നിരൂപകന് തർക്കമില്ല. (ഇതിലാണല്ലോ വള്ളത്തോൾകൃതികളുടെ സൗന്ദര്യവും). എന്നാൽ ഈ വിഷയം ഉള്ളൂരാണ് കൈകാര്യം ചെയ്തിരുന്നതെങ്കിൽ ആ മൗനങ്ങളെല്ലാം പറച്ചിലുകളായി മാറുമായിരുന്നു. ഗണപതിയുടെ കൊമ്പുമുറിഞ്ഞതിനാൽ കോപിഷ്ടയായ പാർവ്വതിയോട് അതിനെക്കുറിച്ച് ശിവനൊരു പ്രസംഗമാണ് നടത്തുന്നതെങ്കിൽ അവിടെയാണ് ഉള്ളൂരിന്റെ കഴിവും വള്ളത്തോളിന്റെ പരാജയവും വെളിപ്പെടുക എന്നു പറയുന്നതിലൂടെ രണ്ടുകവികളുടെയും രണ്ടുകഴിവുകളെയാണ് നിരൂപകൻ ബഹുമാനിക്കുന്നത്.

അലങ്കാരം, വാങ്മയചിത്രാവതരണം, മൂലപാഠത്തോടുള്ള ആധർമണ്യം, വാഗ്പാടവം, ഹാസ്യാത്മകം തുടങ്ങിയ നിരൂപകന്റെ കാവ്യസങ്കല്പങ്ങളെയാണ് കവിത്രയനിരൂപണത്തിലൂടെ എം.ആർ. നായർ അവതരിപ്പിച്ചത്. സാഹിത്യത്തിന്റെ പ്രോത്സാഹനവും നവോത്ഥാനവും ലക്ഷ്യമാക്കിയുള്ള നിരൂപണങ്ങളാണ് ഇദ്ദേഹം നടത്തിയത്. മോശമായതിനെ പെരുപ്പിച്ചുകാണിക്കാതെ, ഗുണനിലവാരം ഊന്നിപ്പറഞ്ഞുകൊണ്ട് മലയാളസാഹിത്യത്തിന് നവീനവും മികച്ചതുമായ കാവ്യമാതൃകകൾ അവതരിപ്പിക്കാനാണ് നിരൂപകൻ തന്റെ കൃതികളിലൂടെ ശ്രമിച്ചത്. കവിതയെന്ന മാധ്യമത്തെ ഉൾക്കൊണ്ടുകൊണ്ട് ഭാവത്തിനിണങ്ങുന്ന രീതിയിൽ രൂപത്തെ കവി എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്നാണ് ഇവിടെ നിരൂപകൻ അന്വേഷിക്കുന്നത്. അഥവാ കവിതയുടെ സൗന്ദര്യാത്മകപക്ഷത്താണ് നിരൂപകന്റെ നില്പ്. കവിത്രയത്തിന്റെ കൃതികളെ നികഷത്തിൽ മാറ്ററച്ച് അവയിൽ മികച്ചവയെ സാഹിത്യലോകത്തിന് പരിചയപ്പെടുത്തുകയാണ് എം.ആർ. നായർ തന്റെ നിരൂപണങ്ങളിലൂടെ.

ഗ്രന്ഥസൂചി

1. പ്രഭാകരൻ, പഴശ്ശി. 2000. സഞ്ജയൻ കാലത്തിന്റെ മനഃസാക്ഷി. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്.
2. ബാലകൃഷ്ണൻ, പി. 2003. സഞ്ജയസമീക്ഷ. കോഴിക്കോട്: തപസ്യ കലാസാഹിത്യവേദി.

3. രാജേന്ദ്രൻ, സി. 2003. ഭാരതീയസാഹിത്യശില്പികൾ. ന്യൂഡൽഹി: കേന്ദ്ര സാഹിത്യ അക്കാദമി.
4. 2015. സഞ്ജയൻ: നിരൂപണത്തിലെ നവോത്ഥാനസ്വരം. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.
5. രാമുണ്ണിനായർ, എം. 1988. സാഹിത്യനികഷം. കോഴിക്കോട്: മാതൃഭൂമി ബുക്സ്.
6. സർദാർ കുട്ടി, ഇ. 1998. 'സഞ്ജയൻ', മലയാളസാഹിത്യനായകന്മാർ. തിരുവനന്തപുരം: കേരളസർവകലാശാല പ്രസിദ്ധീകരണം.